## പതിനാലാം കേരള നിയമസഭ

## 18-ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.56** **03.02.2020-ൽ മറുപടിയ്ക്ക്**

## സി.ആർ.ഇസഡ് നിയമങ്ങളിലെ ഇളവുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. രാജഗോപാലൻ : | **പിണറായി വിജയൻ** (മുഖ്യമന്ത്രി) |
| (എ) തീരദേശവാസികൾ തീരദേശ പരിപാലനവുമായി ബന്ധപ്പെട്ട് സി.ആർ.ഇസഡ്-ന്റെ അനുമതി കിട്ടാത്തതുമൂലം പ്രയാസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനുമതി നൽകുന്നതിനായി കേരള തീരദേശ പരിപാലന അതോറിറ്റി തീരദേശ ജില്ലകളിൽ ജില്ലാ കമ്മിറ്റികൾ രൂപീകരിച്ച് കെട്ടിക്കിടക്കുന്ന അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സി.ആർ.ഇസഡ് നിയമങ്ങളിൽ ഇളവുകൾ ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) ഉണ്ട്. കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയം 18.01.2019 ലെ GSR No. 37(E) നമ്പർ വിജ്ഞാപന പ്രകാരം 2011 ലെ തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി പുതുതായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിലെ Clause 6(1) പ്രകാരം ടി വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന തീരദേശ പരിപാലന പ്ലാൻ (Coastal Zone Management Plan- CZMP) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ ടി വിജ്ഞാപനത്തിലെ ഇളവുകൾ സംസ്ഥാനത്ത് പ്രാബല്യത്തിൽ വരികയുള്ളൂ. |

സെക്ഷൻ ഓഫീസർ